**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5117** **22-05-2017 ൽ മറുപടിക്ക്**

**പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പാട്ടക്കാലാവധി കഴിഞ്ഞതായ എത്ര തോട്ടങ്ങളാണുള്ളത്; ഓരോ തോട്ടത്തിന്റെയും വിസ്തൃതി സഹിതം വ്യക്തമാക്കാമോ; ഈ സ്ഥലങ്ങൾ ഏതൊക്കെ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ളതാണ്; | (എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിന് കീഴിൽ പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങൾ ഉള്ളത് ഇടുക്കി ജില്ലയിൽ ആണ്. ഇടുക്കി ജില്ലയിൽ പാട്ടക്കാലാവധി കഴിഞ്ഞ 4 തോട്ടങ്ങളും, കാലാവധി കഴിഞ്ഞ 13 കുത്തകപ്പാട്ട കേസുകളും ഉണ്ട്. ആയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു. |

| | താലൂക്ക് | വിസ്തൃതി (ഏക്കറിൽ) | ഉടമസ്ഥത/റിമാർക്സ് |
|---|---|---|---|
| 1 | തൊടുപുഴ | 1413.5 ഏക്കർ | M/s.HML കമ്പനിക്ക് നൽകിയത്. ഗവൺമെന്റ് ലാൻഡ് റിസംപ്ഷൻ സ്പെഷ്യൽ ഓഫീസർ അന്വേഷണം നടത്തി വരുന്നു. |
| 2 | ഇടുക്കി | 64.5 ഏക്കർ | റവന്യൂ വകുപ്പിന് കീഴിൽ |
| 3 | തൊടുപുഴ | 2.16 ഏക്കർ | മലങ്കര റബ്ബർ കമ്പനിക്ക് പാട്ടത്തിന് നൽകിയത് |
| 4 | ഉടുമ്പൻചോല | 4.18 ഏക്കർ | ഹെലിബറിയ ടീ എസ്റ്റേറ്റിന് പാട്ടത്തിന് നൽകിയത് |

<u>കാലാവധി കഴിഞ്ഞ 13 കുത്തകപ്പാട്ട കേസുകൾ</u>

| ക്രമ നമ്പർ | പേര് | വിസ്തൃതി |
|---|---|---|
| 1 | ഌമല എസ്റ്റേറ്റ് | 15.10 ഏക്കർ |
| 2 | സെമിനിവാലി എസ്റ്റേറ്റ് | 0.68 ഏക്കർ |
| 3 | ഹെലിബറിയ എസ്റ്റേറ്റ് | 6.39 ഏക്കർ |
| 4 | ഗ്ലെൻമേരി എസ്റ്റേറ്റ് | 0.75 ഏക്കർ |
| 5 | ടൈഫോർഡ് എസ്റ്റേറ്റ് | 5 ഏക്കർ |
| 6 | ഹെലിബറിയ എസ്റ്റേറ്റ് | 23.81 ഏക്കർ |
| 7 | ടൈഫോർഡ് എസ്റ്റേറ്റ് | 4.95 ഏക്കർ |
| 8 | ആലംപ്പള്ളി എസ്റ്റേറ്റ് | 27.65 ഏക്കർ |
| 9 | ആലംപ്പള്ളി എസ്റ്റേറ്റ് | 17.61 ഏക്കർ |
| 10 | ഹൈലാൻഡ് പ്രൊഡ്യൂസ് കമ്പനി | 7. 2 ഏക്കർ |
| 11 | അമരാവതി എസ്റ്റേറ്റ് | 01.60 ഏക്കർ |
| 12 | മുരിക്കടി എസ്റ്റേറ്റ് | 0.5 ഏക്കർ |
| 13 | മുരിക്കടി എസ്റ്റേറ്റ് | 2.6 ഏക്കർ |

| | |
|---|---|
| | തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ വനംവകുപ്പ് മുഖാന്തിരം പാട്ടത്തിന് നൽകിയിട്ടുള്ള തോട്ടങ്ങൾ ഉള്ളതാണ്. ഇതിന് പുറമെ പാലക്കാട് ജില്ല, മലമ്പുഴ - 1 വില്ലേജിൽ ഏമൂർ ഭഗവതി ദേവസ്വത്തിന്റെ കീഴിൽ 319.8914 ഹെക്ടർ വിസ്തൃതിയിൽ തോട്ടങ്ങൾ ഉള്ളതാണ്. |
| (ബി) കഴിഞ്ഞ 5 വർഷത്തിനുള്ളിൽ സംസ്ഥാനത്ത് പാട്ടക്കാലാവധി കഴിഞ്ഞ ഏതെങ്കിലും തോട്ടങ്ങളുടെ കാലവധി പുതുക്കി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ; ഓരോ തോട്ടത്തിന്റെയും വിസ്തൃതി എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) ഇല്ല |
| (സി) പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങളുടെ കാലവധി ഇനിയും ദീർഘിപ്പിച്ച് നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (സി) & (ഡി) നിയമങ്ങളുടേയും ചട്ടങ്ങളുടേയും അടിസ്ഥാനത്തിൽ മാത്രമേ തീരുമാനം എടുക്കാൻ കഴിയുകയുള്ളൂ. |
| (ഡി) ദീർഘിപ്പിക്കുന്നില്ലെങ്കിൽ ഈ ഭൂമി എന്തു ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന വിശദമാക്കാമോ ? | |

സെക്ഷൻ ഓഫീസർ